**ഭരണഭാഷ-മാതൃഭാഷ**

**വളരെ അടിയന്തിരം**

സി6-27706/2016

പഞ്ചായത്ത് ഡയറക്ടറാഫീസ്
തിരുവനന്തപുരം, തീയതി: 23.08.2016

പഞ്ചായത്ത് ഡയറക്ടർ

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

സർ

വിഷയം: തെരുവ് നായകളുടെ നിയന്ത്രണം- അടിയന്തിര നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്.

സൂചന: ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22.08.2016 തിങ്കളാഴ്ച നടന്ന യോഗത്തിലെ നിദ്ദേശങ്ങൾ.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166-ാം വകുപ്പ്(1)-ാം ഉപവകുപ്പ് മൂന്നാം പട്ടിക പ്രകാരം വളർത്ത് നായ്ക്കൾക്ക് ലൈസൻസ് നൽകുകയും അലഞ്ഞു തിരിയുന്ന നായ്ക്കളെ ഇല്ലായ്മ ചെയ്യുകയും ചെയ്യുക ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. എന്നാൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ അവയിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിൽ ശുഷ്കാന്തി കാണിക്കുന്നില്ലായെന്നാണ് ഈ കഴിഞ്ഞ ദിവസം കരുംകുളം ഗ്രാമപഞ്ചായത്തിൽ നായ്ക്കളുടെ ആക്രമണത്തിൽ ഒരു സ്ത്രീ അതിദാരുണമായി കൊല്ലപ്പെട്ട സംഭവം ചൂണ്ടികാണിക്കുന്നത്. പൗരൻമാരുടെ ജീവന് സംരക്ഷണം ഉറപ്പ് വരുത്തകയും അതോടൊപ്പം തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിർദ്ദേശമുണ്ടായിട്ടുളളതാണ്. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ അടിയന്തിരമായി നടപ്പിലാക്കുന്നതിലേക്കായി നൽകുന്നു.

1. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ജില്ലാ തലത്തിൽ ജില്ലാ കളക്ടറുമായി കൂടിയാലോചിച്ചും ജില്ലാ കളക്ടറുടെ നേതൃത്വത്തിലും ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റ്മാരുടേയും, സെക്രട്ടറിമാരുടേയും മുൻസിപ്പൽറ്റി, കോർപ്പറേഷൻ ചെയർമാൻ/ചെയർപേഴ്സൺമാരുടേയും, സെക്രട്ടറിമാരുടേയും യോഗം ഈ മാസം 31.08.2016ന് മുമ്പായി വിളിച്ച് ചേർക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപ്പിക്കുകയും നേതൃത്വം നൽകുകയും ചെയ്യേണ്ടതാണ്. പ്രസ്തുത യോഗത്തിൽ മൃഗസംരക്ഷണ വകുപ്പ് ജില്ലാ ഓഫീസറെയും, എല്ലാ വെറ്റിനറി ഡോക്ടർമാരെയും പങ്കെടുപ്പിക്കേണ്ടതാണ്.
2. 1998ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ അനുശാസിക്കും പ്രകാരം പൊതു ജനങ്ങളുടെ

അറിവിലേക്കായി നോട്ടീസ് വിതരണം നടത്തേണ്ടതും വളർത്തു നായ്കൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ എല്ലാ ഗ്രാമപഞ്ചായത്തുകളും സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും ചട്ടലംഘനം നടത്തുന്നവർക്ക് എതിരെയുള്ള നിയമപരമായ ശിക്ഷാനടപടികൾ ഉറപ്പാക്കേണ്ടതുമാണ്.

3. 2001ലെ Animal Birth Control (Dogs) ചട്ടങ്ങൾ ചട്ടം 4 അനുശാസിക്കും പ്രകാരമുളള ഗ്രാമപഞ്ചായത്ത് തല കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ലെങ്കിൽ ആയത് 31.08.2016ന് മുമ്പായി രൂപീകരിക്കാൻ എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകേണ്ടതാണ്.

4. തെരുവ് നായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് സഹായകരമായ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്ക് പ്ലാൻ/തനത് ഫണ്ട് ഉപയോഗിച്ച് ആവിഷ്കരിക്കണമെന്ന് സർക്കാർ നിർദ്ദേശം നിലവിലുണ്ട്. ആയതിനാൽ ഈ ആവശ്യത്തിലേക്കായി പ്രോജക്ട് തയ്യാറാക്കിയിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾ മതിയായ തുക വകയിരുത്തി വെറ്റിനറി ഡോക്ടർമാരുടെ നേതൃത്വത്തിൽ പ്രോജക്ടുകൾ നിർബന്ധമായും തയ്യാറാക്കി DPC അംഗീകാരത്തിന് സമർപ്പിക്കാൻ കർശന നിർദ്ദേശം നൽകേണ്ടതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്.

5. തെരുവ് നായക്കളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അവയെ പിടികൂടി sterilization/vaccination നടത്തുന്നതിന് അവയെ നിശ്ചിത ദിവസത്തേക്ക് പാർപ്പിച്ച് നിരീക്ഷിക്കുന്നതിലേക്കായി 152 ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ചട്ടപ്രകാരമുളള ഷെൽട്ടറുകൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നതിനുള്ള തീരുമാനം ജില്ലാതല യോഗത്തിൽ കൈകൊള്ളേണ്ടതാണ്.

6. പരിചയ സമ്പന്നരായ പട്ടിപിടുത്തക്കാരെ ഏർപ്പാട് ചെയ്യുന്നതിലേക്കായി അപ്രകാരമുള്ളവർ ലഭ്യമാകാത്ത ഗ്രാമപഞ്ചായത്തുകളിൽ അവരുടെ സേവനം ലഭ്യമാക്കുന്നതിലേക്കായി ജില്ലാ മൃഗസംരക്ഷണ ഓഫീസറുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കേണ്ടതാണ്.

7. ഏതെങ്കിലും തെരുവിലോ കെട്ടിടത്തിന്റെ വരാന്തയിലോ മൃഗശവങ്ങളും ചവറും മാലിന്യവും നിക്ഷേപിക്കുക, ചവറോ മാലിന്യങ്ങളോ പൊതു സ്ഥലങ്ങളിൽ ഇടുക എന്നീ പ്രവർത്തികൾ 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219ഐ, 219എൽ വകുപ്പുകൾ പ്രകാരം നിരോധിച്ചിട്ടുള്ളതാണ് ഇത് ലംഘിക്കുന്നവർക്ക് എതിരെ നിയമപ്രകാരമുള്ള കർശന നടപടികൾ സ്വീകരിക്കുന്നതിനും തെരുവുകളും പൊതു സ്ഥലങ്ങളും മാലിന്യമുക്തമാക്കുന്നതിനും നടപടികൾ ഉറപ്പു വരുത്തുന്നതിനും എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകേണ്ടതാണ്.

8. തെരുവ് നായ ശല്യം രൂക്ഷമായ പ്രദേശങ്ങളിൽ അവയെ പിടികൂടി വന്ധ്യംകരിക്കുന്നതിനുള്ള നടപടികൾ ഉടൻ തന്നെ ആരംഭിക്കേണ്ടതാണ്.

9. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് മൃഗക്ഷേമ സംഘടനകൾ ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യുന്നതിലേക്കായി മതിയായ പരസ്യം നൽകാൻ സെക്രട്ടറിമാർക്ക് നിർദേശം നൽകേണ്ടതും തുടർ നടപടികൾ ഉറപ്പുവരുത്തേണ്ടതുമാണ്.

10. ഈ നിർദേശങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ചുള്ള പ്രവർത്തന/പുരോഗതി റിപ്പോർട്ട് എല്ലാ ശനിയാഴ്ചയും ഉച്ചയ്ക്ക് 1 മണിക്ക് മുമ്പായി GPRMS സോഫ്റ്റ്‌വെയർ ഈ ആവശ്യത്തിലേക്കായി ഉൾകൊള്ളിച്ചിട്ടുള്ള ABC പുരോഗതി റിപ്പോർട്ട് പ്രൊഫോർമയിൽ അപ്‌ഡേഷൻ വരുത്തേണ്ടതും ആയത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടമാർ അപ്രൂവ് ചെയ്യേണ്ടതുമാണ്. ഇക്കാര്യം ഉറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ വ്യക്തിപരമായ ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

23/8

പഞ്ചായത്ത് ഡയറക്ടർ

23.8.16
JS(?)